# INDIAN SCHOOL SOHAR

No. of printed pages : 7
SET 1

**PERIODIC TEST III 2024-2025**
**MALAYALAM (012)**

**CLASS : X**
**DATE : 05/12/2024**

**MAX. MARK : 80**
**TIME 3 HRS**

---

**GENERAL INSTRUCTIONS**

This question paper contains 7 printed pages.
Separate instructions are given for each section wherever necessary.
This question paper is divided in to two sections.

**SECTION A** : Reading Comprehension (V.S.A.Q)
Vocabulary Building & Prose & Poetry (M.C.Q) : 40 Marks

**SECTION :B** : Grammar, Composition
Literature ( Prose, Poetry & Supplementary ) : 40 Marks

---

## എ. വിഭാഗം / SECTION A

**1 തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ( ഓരോന്നിനും ഓരോ മാർക്ക് വീതം ) 8X1=8**

ഉരുൾപൊട്ടി വന്ന കൊടുംദുരന്തം കവർന്ന ഒട്ടേറെ ജീവനുമുന്നിൽ, ഒറ്റരാത്രികൊണ്ട് ഇല്ലാതായ ഒരു ജനവാസ മേഖലയുടെ ശൂന്യതയ്ക്ക് മുന്നിൽ, എത്രയോ കുടുംബങ്ങളുടെ നിസ്സഹായതയ്ക്ക് മുന്നിൽ, തോരാത്ത കണ്ണീരോടെ കേരളം മൗനമണിഞ്ഞു നിൽക്കുന്നു . വയനാട്ടിലെ ഉരുൾ പൊട്ടൽ തകർത്തത് ഒരു നാടിനെ തന്നെയാണ്. കേരളത്തിന്റെ ചരിത്ര ത്തിൽ തന്നെ ഏറ്റവും അധികം നാശം ഉണ്ടാക്കിയ ഉരുൾ പൊട്ടൽ ആയിരുന്നു അത്. 1964 ൽ കടലെടുത്ത തമിഴ്നാട് രാമേശ്വരത്തെ ധനുഷ്കോടിയെ ഓർമിപ്പിച്ച് ഒരു പ്രദേശത്തെ ആകെ തകർത്തെറിയുകയായിരുന്നു ഉരുൾപൊട്ടൽ. വയനാട് ഭൂമിയിൽ ഉണ്ടായിരുന്ന മുണ്ടക്കൈയും ചൂരൽ മലയും ഒറ്റരാത്രികൊണ്ട് ഇല്ലാതായി. 24 മണിക്കൂറിനിടെ പെയ്തത് 37 സെന്റീമീറ്റർ മഴയായിരുന്നു.24 മണിക്കൂറിനിടെ 20സെന്റീമീറ്ററിൽ കൂടുതൽ മഴ പെയ്യുന്നത് തന്നെ അതിതീവ്രം എന്നാണ് കണക്കാക്കുന്നത്. ഇവിടെ അതിന്റെ ഇരട്ടിയോളം ആണ് പെയ്തത്. തോരാമഴയും വീണ്ടും ഉണ്ടായേക്കാ വുന്ന മണ്ണിടിച്ചിലും വകവയ്ക്കാതെ ദുരന്ത ഭൂമിയിലേക്ക് ഇറങ്ങാൻ നാട്ടുകാർ കാണിച്ച സന്മനസ്സ് കേരളത്തിന് തന്നെ മാതൃകയായി. കനത്ത മഴയും തകരാറിലായ വാർത്താവിനിമയ സംവിധാനങ്ങളും തകർന്ന യാത്രാ മാർഗങ്ങളും ദുരന്തപ്രദേശത്തേക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുമൊക്കെരക്ഷാപ്രവർത്തനങ്ങളെ ബാധിച്ചു അഞ്ചുവർഷം മുമ്പ് മലപ്പുറം ജില്ലയിലെ കവളപ്പാറയിലും വയനാട്ടിലെ പുത്തുമലയിലും നാലു വർഷം മുമ്പ് മൂന്നാർ പെട്ടിമുടിയിലും ഉരുൾപൊട്ടലുകൾ ഉണ്ടായിരുന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി ) മൂന്ന് വർഷം മുൻപ് പ്രസിദ്ധീക രിച്ച പഠന റിപ്പോർട്ട് കേരളത്തിന് ശക്തമായ മുന്നറിയിപ്പാണ്. അടുത്ത 20 വർഷത്തിനുള്ളിൽ കാലാവസ്ഥാവ്യതിയാനം കേരളത്തിൽ വ്യാപക പ്രകൃതി ക്ഷോഭങ്ങ ൾക്ക് കാരണ മാകാമെന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യുന്നത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും മിന്നൽ പ്രളയങ്ങൾക്കും വഴിയൊരുക്കും എന്നും ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. തുടർച്ചയായ ഉരുൾ പൊട്ടലുകൾ മലയോരമേഖലയുടെ ഘടന കൂടുതൽ ദുർബലമാക്കും എന്നും ഇത് ദുരന്ത തീവ്രത വർദ്ധിപ്പിക്കും എന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

**ചോദ്യങ്ങൾ :**

i) ഉരുൾപൊട്ടൽ മൂലം വയനാട്ടിൽ ഒറ്റരാത്രികൊണ്ട് ഇല്ലാതായ പ്രദേശങ്ങൾ ഏതെല്ലാം ?

ii) 'കേരളത്തിന് തന്നെ മാതൃകയായി ' എന്ന് അഭിമാനപൂർവ്വം പറയുന്ന പ്രവൃത്തി എന്താണ് ?

iii) അഞ്ചു വർഷങ്ങൾക്കു മുമ്പ് ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലങ്ങൾ ഏതെല്ലാമായിരുന്നു ?

iv) കേരളത്തിന് ശക്തമായ കാലാവസ്ഥാ മുന്നറിയിപ്പ് നൽകി പഠന റിപ്പോർട്ട് സമർപ്പിച്ചതാര് ?

v) വയനാട് ഉരുൾപൊട്ടൽ ഓർമ്മിപ്പിച്ച മറ്റൊരു ദുരന്തം ഏത് ?

vi) അതിതീവ്രം ആയി കണക്കാക്കുന്ന മഴയുടെ അളവ് എത്രയാണ് ?

vii) കേരളത്തിലെ പ്രകൃതിക്ഷോഭങ്ങൾക്കുള്ള പ്രധാന കാരണം എന്താണ് ?

viii രക്ഷാപ്രവർത്തനത്തെ ബാധിച്ച ഘടകങ്ങൾ എന്തെല്ലാം ?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം )** **7X 1=7**

പാശ്ചാത്യർ സംസ്കാരത്തെക്കുറിച്ച് പറയുന്നത് സാമൂഹ്യവും ഭൗതികവുമായ വസ്തുക്കളെ ആസ്പദമാക്കിയാണ് .എന്നാൽ യഥാർത്ഥ ജീവിതത്തെ സംബന്ധിച്ചിടത്തോളം അവിടെ സ്വാതന്ത്ര്യം എന്നൊന്നില്ല. എല്ലാം ദൈവനിശ്ചയമാണ്. ഭാരതത്തിൽ നമ്മൾ വിശ്വസിക്കുന്നത് ജീവിതം കർമ്മ ഫലം ആണെന്നാണ്. എന്തും സംഭവിക്കുന്നത് നമ്മുടെ കാഴ്ചപ്പാടിൽ പൂർവ്വ കർമ്മങ്ങൾക്ക് അനുസൃതം ആയിട്ടാണ്. എന്നു വച്ചാൽ അവനവന്റെ ജീവിതത്തിന് ഉത്തരവാദി അവനവൻ തന്നെയാണ് എന്ന്. നിങ്ങളുടെ ജീവിതത്തിന്റെ ശില്പി നിങ്ങൾ തന്നെ. നമ്മൾ ചെയ്യുന്നതിലെല്ലാം ഈ ചിന്തയുടെ പ്രതിഫലനം പ്രകടമാണ്. ചരിത്രത്തിന്റെ നാൾവഴികളിൽ എവിടെയോ ഭാരതം നിരന്തരം തോൽവികൾ ഏറ്റുവാങ്ങി. പലപല യുദ്ധങ്ങളിൽ പരാജയപ്പെട്ടു. നമ്മൾ കീഴടക്കപ്പെട്ടു. അപ്പോഴും നമ്മൾ കർമ്മഫലത്തിൽ അഭയം തേടി. പരാജയങ്ങൾക്ക് കാരണമായി പൂർവ്വ കർമ്മങ്ങളെ കണ്ടു. ആ വിശ്വാസം സമൂഹത്തെ ഒട്ടാകെ പ്രതികൂലമായി ബാധിച്ചു. എല്ലാത്തിനും കാരണം കർമ്മം എന്ന് പറഞ്ഞ് മനുഷ്യർ നിഷ്ക്രിയരായി. എല്ലാം ദൈവ ത്തിനു വിട്ടുകൊടുത്ത് സ്വയം ഉദാസീനരായി. വാസ്തവത്തിൽ നമ്മൾ മനസ്സിലാക്കേണ്ടത് നമ്മുടെ ജയപരാജയങ്ങൾ നിർണയിക്കുന്നത് നമ്മുടെ തന്നെ പ്രവർത്തികളാണ്. സ്വന്തം ജീവിതത്തെ കെട്ടിപ്പടുക്കാനും തട്ടി തകർക്കാനും നമ്മുടെ പ്രവർത്തികൾക്കാവും. അതിലേക്ക് നയിക്കുന്ന താണ് നമ്മുടെ കർമ്മങ്ങൾ ഓരോന്നും.

**ചോദ്യങ്ങൾ :**

i). നമ്മൾ മനസ്സിലാക്കേണ്ടത് എന്താണ് ?

ii). അവനവന്റെ ജീവിതത്തിന് ഉത്തരവാദി ആരാണ് ?

iii). നമ്മൾ കർമ്മഫലത്തിൽ അഭയം തേടിയത് എപ്പോൾ ?

iv). ഭാരതം നിരന്തരം തോൽവികൾ ഏറ്റുവാങ്ങിയത് എവിടെ ?

v). എന്തിനെ ആസ്പദമാക്കിയാണ് പാശ്ചാത്യർ സംസ്കാരത്തെക്കുറിച്ച് പറയുന്നത് ?

vi). പരാജയങ്ങൾക്ക് കാരണമായി കണ്ടത് എന്ത് ?

vii). മനുഷ്യർ സ്വയം ഉദാസീനരായതെങ്ങനെ ?

3. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** 7X1= 7

i) താന്തർ എന്ന പദത്തിന്റെ അർത്ഥം എന്ത് ?

A. പരിഭ്രാന്തർ B. ക്ഷീണിതർ

C.കാഴ്ചക്കാർ D. അഭിമാനികൾ

ii). അന്നം എന്ന വാക്കിന്റെ പര്യായപദങ്ങൾ തന്നിരിക്കുന്നവയിൽ ഏതെല്ലാമാണ് ?

A. ഓദനം B. കരടം

C.അന്ധസ്സ് D. അരയന്നം

iii). തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

A. മൂലോച്ഛേദം B. മൂലോച്ഛേദം

C. മൂലോചേദം D. മൂലോച്ഛേധം

iv). 'ശൈശവകഥ'എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

A. ശൈശവത്തിലെ കഥ B. ശൈശവം എന്ന കഥ

C.ശൈശവമായ കഥ D. ശൈശവവും കഥയും

v). ' പുനരധ്രുവം 'എന്ന വാക്ക് എങ്ങനെയാണ് പിരിച്ചെഴുതുക ?

A. പുന + അധ്രുവം B.പുന + ധ്രുവം

C. പുന : + അധ്രുവം D. പുന : + ധ്രുവം

vi) 'ഞാൻ ദേഹമാണ്' എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ് ?

A..ദേഹോഹൈ B. ദേഹാഭിമാനം

C. ദേഹോഹം D. ദേഹാഹം

vii) പ്രാണി എന്ന പദത്തിന്റെ എതിർലിംഗ പദം ഏത് ?

A. പ്രാണിണി B. പ്രാണിതി

C. പ്രാണൻ D. പ്രാണിനി

viii) ധര ധാര എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം ഏത് ?

A. വെള്ളം - ആകാശം B. ഭൂമി - ഒഴുക്ക്

C. ഓർമ്മ - നക്ഷത്രം D. ഒഴുക്ക് - നര

ix). നിറവ് എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇവയിൽ ഏതാണ് ?

A. തൃപ്തി B. അറിവ്

C..പൂർണ്ണത D. നനവ്

x). സ്മൃതി എന്നതിന്റെ വിപരീതപദം ഏത് ?

A. അനുസ്മൃതി B. വിസ്മൃതി

C. അവിസ്മൃതി D.വിസ്വമതി

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ 9 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.**
**( ഓരോന്നിനും രണ്ടു മാർക്ക് വീതം) ഓരോ ചോദ്യത്തിനും ഓരോ ഉപചോദ്യവും ഉണ്ട് : 9 x 2=18**

a) “ അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ “

(i). ഈ വരികളുടെ അർത്ഥം എന്ത് ?

A. വിവേകികൾ സ്വന്തം കാര്യം നോക്കി ജീവിക്കുന്നു

B. അന്യരുടെ ജീവൻ വിലയേറിയതാണ്

C. വിവേകികൾ സ്വന്തം ജീവിതം മറ്റുള്ളവർക്ക് വേണ്ടി സമർപ്പിച്ച് ധന്യരാകും

D. വിവേകികൾ അന്യജീവന് വില കൽപ്പിക്കുന്നില്ല

(ii). കുമാരനാശാൻ രചിച്ച നാടകം ഏത് ?

A. പുഷ്പവാടി B. പ്രബോധചന്ദ്രോദയം

C. നളിനി D. വീണപൂവ്

(b) “ ദിഷ്ടമീ വടിവിയന്നു വന്നപോൽ “

(i) ഈ പ്രയോഗത്തിന്റെ അർത്ഥമെന്ത് ?

A. കഷ്ടകാലം വന്നപോലെ B ഭാഗ്യം രൂപം പൂണ്ട് വന്നപോലെ

C. സ്വന്തം രൂപത്തെ ഞാൻ കാണുന്നു D. ഭാഗ്യം നഷ്ടപ്പെട്ട രൂപം.

(ii) ഇവിടെ ദൃഷ്ടനായ ഭവാൻ ആരാണ് ?

A. ദിവാകരൻ B. ശ്രീബുദ്ധൻ

C. സൂര്യൻ D. കവി

c) “ പണ്ടു പനിച്ചതും അമ്മയെടുത്തു കൊ
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും “

i) ആശുപത്രിക്ക് സമീപം അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങിയപ്പോൾ മനസ്സിലൂടെ കടന്നുപോയതെന്ത് ?

A. പിച്ചിയതിന്റെ വേദന B. സൂചി പ്രയോഗത്തിന്റെ നീറ്റൽ

C. കണ്ണുപൊത്തിക്കളിച്ചത് D. ഓലക്കൊടിയുടെ ഗന്ധം

ii) ജില്ലാ ആശുപത്രിക്ക് പിന്നിൽ കണ്ടെത്തിയ സ്ഥലം എങ്ങനെ ഉള്ളതായിരുന്നു ?

A. തെരുവ് പട്ടികൾ നിറഞ്ഞത് B . ഒഴിവു കനത്തൊരിരുളിടം

C. മാളുകൾ നിറഞ്ഞത് D. കുട്ടിയേകാന്തത നിറഞ്ഞത്

d) “ ആകാശഗോപുരങ്ങൾക്കു താഴത്തവ
നാളേക്ക് വേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു”

i) ആരാണ് ഉറങ്ങാൻ ശ്രമിക്കുന്നത് ?

A. അമ്മ B . വിദ്യാലയ മുറ്റം

C. തെരുവീഥികൾ D. ആകാശവീഥികൾ

ii) ഈ വരികൾ ഏത് കവിതയിൽ നിന്നും എടുത്തതാണ് ?

A. അമ്മത്തൊട്ടിൽ B. റഫീക്ക് അഹമ്മദിന്റെ കവിതകൾ

C. തോരാമഴ D. ഒരു സ്നേഹം

e) ‘‘മർത്ത്യജന്മം ക്ഷണഭംഗുരം’’

i) ഏതു പോലെയാണ് മനുഷ്യജന്മം ക്ഷണഭംഗുരം ആയിട്ടുള്ളത്?

A. രാഗാദിസങ്കുലമായ സംസാരം പോലെ

B. വഹ്നി സന്തപ്ത ലോഹ സ്ഥാംബു ബിന്ദു പോലെ

C. കാമ ക്രോധ ലോഭമോഹാദികൾ പോലെ

D. പെരുവഴിയമ്പലം പോലെ

ii) ‘‘എത്രയും അല്പകാല സ്ഥിതമായത്'' എന്താണെന്നാണ് ശ്രീരാമൻ ലക്ഷ്മണനോട് പറയുന്നത്?

A. പുത്ര മിത്രാർത്ഥ കളത്രാദി സംഗമം    B. ദേഹാഭിമാനം

C. നിശ്ശേഷ ധാന്യ ധനാദികൾ    D. കളത്ര സുഖം

f). ‘‘സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി.’’

i). ഇവിടെ കച്ചവടക്കാർ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?

A. കൗരവരെ    B.പാണ്ഡവരെ

C. അശ്വത്ഥാമാവിനെ    D. ഭീഷ്മരെ

ii). അവർ കൊണ്ടുവന്ന സമ്പാദ്യം എന്താണ്?

A. ചൂഡാമണി    B. രത്നങ്ങൾ

C. ബ്രഹ്മശിരസ്സ്    D.യുദ്ധവിജയം

g) ‘‘അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നി’’

i) എന്താണ് വെള്ളായിയപ്പന് അപരിചിതമായി തോന്നിയത്?

A.കരിമ്പനപട്ടകളിൽ കാറ്റ് ഇരമ്പുന്നത്    B. ജയിലിലെ വഴികൾ

C.അപരിചിതന്റെ സംഭാഷണം    D.തീവണ്ടിയാപ്പീസ്

ii) വെള്ളായിയപ്പന് കൊലക്കയറുകളായി തോന്നിയത് എന്ത് ?

A. മകനെ കുറിച്ചുള്ള ദുഃഖം    B അപരിചിതരുടെ സംഭാഷണങ്ങൾ

C. ജയിലിന്റെ അന്തരീക്ഷം    D.നീലിയുടെ സംഭാഷണം

h) ‘‘ മഴ കൊണ്ടാലും പാവം തുമ്പകൾ’’

i). എങ്ങനെയാണ് തുമ്പകൾ കാത്തുനിൽക്കുന്നത് ?

A. തുമ്പപ്പൂക്കൾ നിറച്ച കൂടയുമായി

B. തുമ്പപ്പൂക്കൾ നിറച്ച വെള്ളിത്താലവുമായി

C. പൊൽക്കിഴി എരിയുന്ന വെള്ളിത്താലവുമായി

D. ദീപക്കുറ്റികൾ നാട്ടിയ പോലെ

ii). ഇവിടെ പ്രകടമാകുന്ന തുമ്പപ്പൂവിന്റെ ഭാവം ഏതാണ്?

A. ക്ഷമയും കാത്തിരിപ്പിന്റെ വ്യഗ്രതയും

B. അലസഭാവം

C. നാണത്തോടെയുള്ള കാത്തിരിപ്പ്

D. പരിഹാസഭാവം

i). ‘‘മൂന്നു പതിറ്റാണ്ടായി നൂല് കോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ’’

i). ഈ പ്രസ്താവനയിൽ നിന്ന് ലഭിക്കുന്ന സൂചന എന്ത് ?

A. ചാക്കുണ്ണിയുടെ പ്രായം    B. ചാക്കുണ്ണിയുടെ രോഗാവസ്ഥ

C. ചാക്കുണ്ണിയുടെ ദൈന്യത    D. ചാക്കുണ്ണിയുടെ അശ്രദ്ധ

ii). പണയം എന്ന കഥ നടക്കുന്ന സ്ഥലം ഏത് ?

A. പാഴുതറ		B. ആറാട്ടുകുന്ന്

C. ആറാട്ടു കടവ്		D. ആറാട്ടു തറ

j). ''അങ്ങനെ വല്ലപാടും നേടിയ വിജയം''

i) പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം'' എന്ന് വിശേഷിപ്പിച്ചതാര് ?

A.ലേഖകൻ		B. ശ്രീകൃഷ്ണൻ

C. ദുര്യോധനൻ		D.സഞ്ജയൻ.

ii) എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്?

A. പൂർണ്ണമായും നിയമങ്ങൾ പാലിച്ചു നേടിയ വിജയമായതുകൊണ്ട്

B. അധർമ്മത്തിലൂടെ നേടിയ വിജയമായതുകൊണ്ട്

C. പാണ്ഡവരുടെ മാത്രം വിജയം ആയതുകൊണ്ട്

D. കൗരവർ പരാജയപ്പെട്ടതുകൊണ്ട്

## ബി . വിഭാഗം ( Section :B )

5. (a) **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** **2X1=2**

(i) ദ്രൗണി പിന്നെ പുറത്തു കടന്നു മറ്റു ശിബിരങ്ങളിലേക്ക് പുറപ്പെട്ടപ്പോൾ സ്ത്രീകളും കാവൽക്കാരും 'വേഗം ഓടി വരണേ ' എന്ന് നിലവിളികൂട്ടി.

(ii) ഗുമസ്തൻ ചീട്ടെടുത്ത് അച്ചു കുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയത് പോലെ വെള്ളായിയപ്പന് തോന്നി.

(b). **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക .** **2X1=2**

(i) അവർ ക്ഷണത്തിൽ പെട്ടെന്ന് ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞില്ല.

ii) അപരിചിതരുടെ താൽപര്യരഹിതമായ സംഭാഷണം എണ്ണമറ്റ അനേകം കൊലക്കയറുകളായി.

(c). **പ്രയോഗം മാറ്റുക.** **2X1=2**

(i) പകച്ചു പായുന്ന ആനകളാൽ ശിബിരത്തിലുള്ളവർ ചവിട്ടി അരയ്ക്കപ്പെട്ടു.

(ii) തീർത്ഥാടനം മുടങ്ങിയപ്പോൾ അയാൾ സ്വയം ആശ്വസിപ്പിച്ചു.

(d) **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**

**2X1=2**

(i) കൊലക്കയർ

(ii) പ്രീണിപ്പിക്കുക

(iii) ഉത്തരവിടുക

6. (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെകുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **1 X 5=5**

i) ഇന്ന് നഗരങ്ങൾ തോറും ഉയർന്നു വരുന്ന പകൽ വീടുകൾ നമ്മുടെ ആധുനിക സംസ്കാരത്തിന്റെ ഭാഗമാകുന്നുവോ ?

**OR**

ii) സ്ത്രീ സംരക്ഷണം അന്നും ഇന്നും.

(b) നിങ്ങളുടെ പ്രദേശത്തെ ഉപയോഗശൂന്യമായ ഒരു മൈതാനം കായികപരിശീലനത്തിന് അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ റവന്യൂ വകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. **1 x 5=5**

(c) ദുരിതബാധിത പ്രദേശത്ത് അവശേഷിച്ചവർക്കായി, ഗവൺമെന്റ് നിർമ്മിച്ചു കൊടുത്ത വീടിന്റെ താക്കോൽദാന ചടങ്ങ് മുഖ്യമന്ത്രി നിർവഹിച്ചതിനെ അധികരിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

**1 x 4=4**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം )** **2x3=6**

(a) പണയം എന്ന കഥയിൽ റേഡിയോ ശക്തമായ ഒരു സാന്നിധ്യമായി തീരുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(b) “ ആ ഹൃദയോന്നതിക്ക് മുമ്പിൽ, ആ ആഭിജാത്യത്തിന് മുമ്പിൽ ഒരിറ്റു കണ്ണുനീർതൂകാതിരിപ്പാൻ ആർക്കു സാധിക്കും” ഇങ്ങനെ പറയാൻ കാരണമെന്ത് ? വിശദീകരിക്കുക.

(c) “അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂർണ്ണമാക്കുന്നത്” പ്രസ്താവന യുടെ വെളിച്ചത്തിൽ കഥയെവിലയിരുത്തുക ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും മൂന്നു മാർക്ക് വീതം)** **2x 3=6**

(a) രാഗാദി സങ്കുലമായുള്ള സംസാരം സ്വപ്നതുല്യമാണ് എന്ന് ശ്രീരാമൻ സമർത്ഥിക്കുന്നത് എങ്ങനെ?

(b) അമ്മയുടെ കണ്ണുകളെ “ മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായി” എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തു കൊണ്ടാണ് ?

(c). “ അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ” ആശയം വിശദമാക്കുക.

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം )** **2 x 3=6**

(a) ചട്ടമ്പിസ്വാമികളെ പലരും സൗമ്യ വിപ്ലവകാരി എന്ന് വിശേഷിപ്പിച്ചത് എന്തുകൊണ്ട് ?

(b) “തന്നോടൊപ്പം ഉള്ളവർക്ക് തനിക്ക് ലഭിക്കുന്ന പരിഗണന തന്നെ വേണം എന്ന് ചട്ടമ്പിസ്വാമികൾക്ക് നിർബന്ധമുണ്ടായിരുന്നു” ഉദാഹരണസഹിതം വിശദീകരിക്കുക?

(c) ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ച് ഉണ്ടായ രസകരമായ സംഭവം എന്തായിരുന്നു ?

***********